1. ഗവ: ഹയർ സെക്കണ്ടറി സ്കൂൾ, മച്ചാട്.

2. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പഴഞ്ഞി.

3. നാഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ഇരിഞ്ഞാലക്കുട.

4. സി.എം.എസ്. ഹൈസ്കൂൾ, തൃശ്ശൂർ.

5. മാർ അഗസ്റ്റിൻ മെമ്മോറിയൽ ഹൈസ്കൂൾ, കൊരട്ടി.

6. സെന്റ് അലോഷ്യസ് ഹൈസ്കൂൾ, എൽത്തുരുത്ത്.

7. ഗവ: ഹയർ സെക്കണ്ടറി സ്കൂൾ, കൊടുങ്ങല്ലൂർ.

8. ശ്രീമൂലം തിരുനാൾ ഹൈസ്കൂൾ, ചേലക്കര.

(ബി) ഉൾപ്പെടുന്നില്ല.

**പൊതുയോഗങ്ങൾ നടത്തിയതിന് കോഴിക്കോട് നഗരത്തിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ**

**7 (4610)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു യോഗങ്ങൾ നടത്തിയതിന്റെ പേരിൽ കോഴിക്കോട് ജില്ലയിൽ, 1-1-2010 മുതൽ എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ രാഷ്ട്രീയ പാർട്ടികളുടെ പേരിൽ എടുത്ത കേസുകളുടെ എണ്ണവും, നേതാക്കളുടെ പേരും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡി.വൈ.എഫ്.ഐ. പേരാമ്പ്ര ബ്ലോക്ക് പ്രസിഡന്റ് മുതുക്കാട് സുനിൽ, സെക്രട്ടറി ഹനീഫ മാസ്റ്റർ എന്നിവരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്.

**പൊതുനിരത്തിൽ പൊതുയോഗം നിരോധിച്ച ഹൈക്കോടതി വിധി**

**8 (4611)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുനിരത്തിലെ പൊതുയോഗം നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതി വിധി, സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേട്ടശേഷമായിരുന്നോ ;

(ബി) സർക്കാർ അഭിഭാഷകൻ കോടതിയിൽ ഹാജരായിരുന്നില്ലെന്നത് ശരിയാണോ ;



LIBRARY ARCHIVES Kerala Legislative Assembly